# മസായ്മാരയിലെ ആകാശകാഴ്ചകൾ




ബലൂൺ യാത്രയെകുറിച്ച് എഴുതണമെന്ന നിർദ്ദേശം ഗ്രൂപ്പിൽ കണ്ടു. ഇതുവരെ ആരും ഒന്നും എഴുതികണ്ടില്ല. എന്റെ ഭാഗത്തു നിന്നും ഒരു ചെറിയ പരിശ്രമം.

ആകാശയാത്രയെ കുറിച്ച് ആദ്യായി കേട്ടത് മൂന്നാംക്ലാസ്സിൽ പഠിക്കുമ്പോഴാണ്. "നിരന്ന പീലികൾ നിരക്കവെ കുത്തി....... കൃഷ്ണൻകുട്ടി ഈണത്തിൽ ചൊല്ലുകയാണ്. അതാ വിമാനം വിമാനം കുട്ടികൾ ആർത്തുവിളിച്ചു" ഈ പാഠഭാഗം എല്ലാവർക്കും ഓർമ്മ കാണുമെന്ന് വിചാരിക്കുന്നു. 25 വർഷം കാത്തിരിക്കേണ്ടി വന്നു എന്റെ ആദ്യ ആകാശയാത്രക്ക്. പിന്നെത്തെ മോഹമാണ് വല്ല്യമോഹം – ആഫ്രിക്കൻ കാടുകള്. സന്തോഷും സുഹൃത്തുക്കളായ ഫസലും, സുഭാഷും, ജെപിയും ചേർന്ന് അതിനും ഒരു വഴി കണ്ടെത്തി. ബലൂൺ ഡ്രൈവിനെ പറ്റി ടൂർ ഇറ്റിനററിയിൽ നിന്നു തന്നെ അറിഞ്ഞിരുന്നു. ഡ്രൈവിന്റെ സാങ്കേതിക സാമ്പത്തികവശങ്ങൾ വീട്ടിൽ അവതരിപ്പിച്ചു. ഐകകണ്ഠേന പ്രമേയം പാസ്സാവുകയും ചെയ്തു. 400 ഡോളറല്ല പ്രശ്നക്കാരനായി നിന്നത്. അതിനെ 75 കൊണ്ട് ഗുണിക്കുമ്പോൾ കിട്ടുന്ന അവനുണ്ടല്ലോ അവനാണ് പ്രശ്നക്കാരൻ. അവൻ ഇടക്കിടയ്ക്ക് ചോദിക്കും ഇത് വേണോ വേണോ എന്ന്, ഞാൻ കേട്ടഭാവം നടിക്കാറില്ല!

അങ്ങനെ ആ ദിവസം വന്നു. ഗ്രൂപ്പ് ലീഡർ ഫസൽ ബലൂൺ യാത്രയ്ക്കു പോകുന്നവരുടെ കൈ പൊക്കാൻ പറഞ്ഞു. ഒന്ന്....രണ്ട്.....മൂന്ന്.... കഷ്ടിച്ച് പത്തുതികഞ്ഞു. ടൂറിന് പോകുന്നവരൊക്ക ബലൂൺയാത്രയ്ക്കു പോകും. അവരുടെ ഒപ്പം പോയില്ലെങ്കിൽ നാണക്കേടാണ് എന്നു പറഞ്ഞാണ് വീട്ടിൽ പ്രമേയം പാസ്സാക്കി എടുത്തത്. ഏതായാലും ഭാഗ്യത്തിന് സന്തോഷുണ്ട് കൂട്ടത്തിൽ. ഫസലിന്റെ നെഗോഷിയേഷൻ പാടവത്തിൽ യാത്രാകൂലി 400 ഡോളനിൽ നിന്നും 380 ഡോളറായി കുറഞ്ഞു. യാത്രയുടെ തലേന്ന് രാത്രി ടൂർ ഓപ്പറേറ്റർ വന്ന് യാത്രയെക്കുറിച്ച് ഒരു ചെറിയ വിവരണം തന്നു. രാവിലെ 5 മണിക്ക് പുറപ്പെടേണം . ബലൂൺ യാത്ര ഒരു മണിക്കൂർ. യാത്ര അവസാനിക്കുമ്പോൾ ഷാപെയ്ൻ ബ്രേക്ക് ഫാസ്റ്റ്. തിരിച്ചു ഹോട്ടലിലേക്ക്. എല്ലാം കൂടി ഏകദേശം ഒരു രണ്ടുരണ്ടര മണിക്കൂർ യാത്ര. ഞാൻ ആദ്യം ധരിച്ചിരുന്നത് ബലൂൺയാത്ര മാത്രം രണ്ടുമണിക്കൂർ എന്നായിരുന്നു. എന്തായാലും അത് മാറികിട്ടി.

താമസിച്ചിരുന്ന ഹോട്ടലിൽ രാത്രി കറന്റ് കട്ടായിരുന്നു രാത്രി 10 മുതൽ പുലരും വരെ. 4 മണിക്ക് അലാറം വെച്ചു കിടന്നു. രാവിലെ എഴുന്നേറ്റപ്പോൾ ഭാഗ്യത്തിന് ലൈറ്റുണ്ടായിരുന്നു. 5 മണിക്ക് റിസപ്ക്ഷനിൽ ചെന്നപ്പോൾ 3 പേർ റെഡിയായി ഇരിക്കുന്നു. ബാക്കി 6 പേർ അടുത്ത ഹോട്ടലിൽ. എല്ലാവരെയും കൊണ്ട് സന്തോഷ് ജോർജ്ജ് കുളങ്ങരയുടെ ഭാഷയിൽ പറഞ്ഞാൽ ഞങ്ങളുടെ വാഹനം മസായ്മാരാ ഗേറ്റും കടന്ന് ബലൂണിനെ ലക്ഷ്യമാക്കി കുതിച്ചുപാഞ്ഞു. അങ്ങനെ ഞങ്ങൾ ബലൂൺ വിക്ഷേപണസ്ഥലത്തെത്തി.



വളരെ നിരപ്പായ ഒരു പുൽമേട്. ഉത്സവപറമ്പുകളിൽ ഉയരാനിരിക്കുന്ന സർക്കസ്സ് കൂടാരങ്ങളെ ഓർമ്മപ്പെടുത്തുന്ന കൂറ്റൻ ബലൂണുകൾ. ചിലതെല്ലാം ആകാശത്ത് ഉയർന്ന് കഴിഞ്ഞിരുന്നു. ചിലത് പുറപ്പെടാൻ തയ്യാറെടുക്കുന്നു. കൂടെ വന്ന ഗൈഡ് ഞങ്ങൾക്ക് പോകേണ്ട ബലൂൺ കാണിച്ചുതന്നു.




ബലൂണിന്റെ ഷേപ്പിൽ ഒരു വലിയ തുണി. വിസ്താരമേറിയ അതിന്റെ വായിലേക്ക് ശക്തിയേറിയ ഫാനുകളുപയോഗിച്ച് കാറ്റടിച്ചുകയറ്റുന്നു. അതിനുശേഷം ഗ്യാസ്സ്ററൗവ് ഉപയോഗിച്ച് തീതുപ്പി അകത്തെ വായുവിനെ ചൂടാക്കുന്നു. ഇതെല്ലാം ചെയ്യാൻ അഞ്ചാറു ജോലിക്കാരുണ്ട്. ഒരു ഇരുപതു മിനിറ്റ് എടുത്തുകാണും. അപ്പോഴേക്കും ബലൂണിന്റെ വയർ നിറഞ്ഞു.. ഞങ്ങൾക്ക് കയറിനിൽക്കാനുള്ള ബാസ്ക്കറ്റ് കൊണ്ടുവന്നു. ഏകദേശം 10 അടി നീളവും നാലടി വീതിയും നാലടി ഉയരവുമുള്ള ചൂരൽ പോലുള്ള സാധനം കൊണ്ട് ഉണ്ടാക്കിയപെട്ടി. അതിനെ എട്ട് അറകളാക്കി തിരിച്ചിട്ടുണ്ട്. നടുവിൽ പൈലറ്റിന് നിൽക്കാനുള്ള സ്ഥലം വേറെ. ഓരോ അറയിലും രണ്ടുപേർക്ക് നിൽക്കാം. ബാസ്ക്കറ്റ് കിടത്തിയാണ് ബലൂണുമായി ബന്ധിപ്പിക്കുന്നത്. അപ്പോഴേക്കും പൈലറ്റ് വന്നു. വെളുത്ത വസ്ത്രം ധരിച്ച ഒരു തടിമാടൻ. ആള് സ്വല്പം ഗൗരവക്കാരനാണ്. യാത്രക്കാർ പാലിക്കേണ്ട രീതികളെക്കൂറിച്ചും, യാത്രയുടെ പൊതുസ്വഭാവത്തെ പറ്റിയും അയാൾ വിശദീകരിച്ചു. കാറ്റിന്റെ ഗതിയാണ് യാത്രയുടെ ഗതി. കാറ്റിന് വേഗം കൂടിയാൽ യാത്രയുടെ ദൂരം കൂടും. പക്ഷെ യാത്രയുടെ സമയം നിശ്ചിതമാണ്.

പൈലറ്റിന്റെ നിർദ്ദേശപ്രകാരം ഞങ്ങളെല്ലാം അറകളിലേക്ക് ഊർന്നിറങ്ങി. വശങ്ങളിലെ ഹുക്കിൽ പിടിച്ച് ഒരു പ്രത്യേകരീതിയിൽ മലർന്നു കിടന്നു. അതിനുശേഷം ജോലിക്കാർ ബാസ്ക്കറ്റിനെ വലിച്ച് സ്റ്റാൻഡിങ്ങ് പൊസിഷനിൽ നിർത്തി. ഞങ്ങളെല്ലാം എഴുന്നേറ്റു നിന്നു. പൈലറ്റിന്റെ വലതുവശത്ത് 6 വിദേശിയരും (2 കുട്ടികളടക്കം) 2 ITFA അംഗങ്ങളും, ഇടതുവശത്ത് 8 ITFAക്കാർ.





ഞങ്ങളുടെ ബലൂൺ പൊങ്ങി തുടങ്ങി. പുറത്തു നിന്നവർ കൈവീശി ഞങ്ങളെ യാത്ര അയച്ചു. മൂന്നുനാലു ബലൂണുകൾ ഞങ്ങൾക്കു മുന്നേ പോകുന്നുണ്ടായിരുന്നു വളരെ താഴ്ന്നും ഉയർന്നും പറക്കാൻ കഴിവുള്ള ഒരു സംവിധാനമാണ് ബലൂണിലുള്ളത്. ഒൺലി വെർട്ടിക്കൽ മൂവ്മെന്റ്, ഹോറിസോണ്ടൽ മൂവ്മെന്റ് സാധ്യമല്ല.



യാത്രക്കാർക്ക് അഭിമുഖമായി ബലൂണിൽ ഒരു സെൽഫി ക്യാമറ വെച്ചിട്ടുണ്ട്. ബലൂൺ പൊങ്ങി യാത്രാരംഭിച്ചപ്പോൾ പൈലറ്റ് ക്യാമറ നോക്കി സ്മൈൽ ചെയ്യാൻ പറഞ്ഞു. ഞങ്ങളെല്ലാവരും കൈപൊക്കി, വിരലകത്തി സ്മൈൽ ചെയ്തു. ഞങ്ങളുടെ ബലൂൺ മറ്റു ബലൂണുകളെ അപേക്ഷിച്ച് താഴ്ന്നാണ് പറന്നിരുന്നത്.



മൃഗങ്ങളെ കാണുക എന്നതായിരുന്നു മുഖ്യലക്ഷ്യം. ആദ്യമൊന്നും കണ്ടില്ല. യാത്രക്കാരുടെ സംശയങ്ങൾക്ക് കാനഡക്കാരൻ പൈലറ്റ് മറുപടി പറയുന്നുണ്ടായിരുന്നു. ബ്യൂട്ടെയ്ൻ ആണ് കത്തുന്ന വാതകം എന്ന് അറിഞ്ഞു പക്ഷെ എനിക്കതിലൊന്നും വലിയ ശ്രദ്ധ ഉണ്ടായിരുന്നില്ല. ചുറ്റുപാടുകളിലെ കാഴ്ചകളിലായിരുന്നു താൽപര്യം. യാത്രയിൽ പല സ്ഥലങ്ങളിലും വൈൽഡ് ബീസ്റ്റുകളുടെ എല്ലുകളും കൊമ്പുകളും കിടക്കുന്നതു കണ്ടു. നീണ്ടയാത്രയിൽ സുഹൃത്തുക്കൾക്കു വേണ്ടി രക്തസാക്ഷിത്വം വരിച്ചവർ. എല്ലാവരും ബൈനോക്കുലർ നോക്കി നിൽപ്പാണ്. വല്ലതും കണ്ടാൽ തന്നെ ശബ്ദമുണ്ടാക്കി മറ്റുള്ളവരെ അറിയിക്കില്ല. വിരലുകളുടെ ചലനം നോക്കി മനസ്സിലാക്കണം. എന്റെ അടുത്തുള്ള വിദേശികുട്ടികൾ തറയിലിരുന്ന് വീഡിയോ ഗെയിം കളിക്കുന്നു. ചുരുക്കി പറഞ്ഞാൽ ഒരു കോൺവെന്റ് സ്കൂളിന്റെ അന്തരീക്ഷം. നർമ്മമെന്തന്നറിയാത്ത പൈലറ്റ് ഇടക്കിടക്ക് ക്യാമറയിൽ നോക്കി സ്മൈൽ ചെയ്യാൻ പറഞ്ഞിരുന്നു. ചിലരെല്ലാം ആജ്ഞ ശിരസ്സാവഹിച്ചിരുന്നു.

ചില ഭാഗ്യവാന്മാർ ഹിപ്പോയെ കണ്ടു. ചിലർ ഹൈനയെ. കവിവചനം പോലെ "ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ വരുന്നതെല്ലാം അവനെന്നു തോന്നും" അതായിരുന്നു അവസ്ഥ. എന്റെ മനസ്സു മുഴുവൻ സിംഹങ്ങൾ കൂട്ടം ചേർന്ന് സീബ്രയേയും, കാട്ടുപോത്തിനേയും പിടിക്കുന്നതായിരുന്നു. പ്രതീക്ഷകൾക്ക് പരിധി വേണമെന്ന് വീണ്ടും പഠിപ്പിച്ച ഒരു യാത്ര. സെറീൻഗട്ടിയുടെ ഭാഗത്തേക്കാണ് ഞങ്ങളുടെ ബലൂൺ നീങ്ങിയിരുന്നത്. യാത്രയുടെ അവസാനത്തിൽ വൈൽഡ് ബീസ്റ്റുകളുടെയും, സീബ്രകളുടെയും നീണ്ടകൂട്ടങ്ങൾ അവയ്ക്കു മുകളിലൂടെ ഞങ്ങൾ ഒഴുകി നീങ്ങി. ഞങ്ങളെ കണ്ട് അവ ചിതറിയോടി, തറയിൽ വീഴുന്ന മുത്തുമണികളെപോലെ....





ങ്ങളുടെ യാത്ര അവസാനിക്കാറായി. നിലം തൊടുന്നതിനുമുൻപ് പൈലറ്റ് വീണ്ടും മലർന്നു കിടക്കാൻ പറഞ്ഞു. ഹുക്കിൽ മുറുകെ പിടിച്ച് ഞങ്ങൾ കിടന്നു. ബാസ്ക്കറ്റ് നിലം തട്ടിയതും ശബ്ദത്തോടെ തെന്നി തെന്നി പൊയ്കൊണ്ടിരുന്നു. അത് ഒരു സ്വല്പം റിസ്ക് പിടിച്ച പരിപാടിയായിരുന്നു. ഞങ്ങളെ യാത്രയാക്കിയവർ ഞങ്ങളെ കാത്ത് അവിടെ നിൽപുണ്ടായിരുന്നു. നിലംപൊത്തിയ ബലൂണിനെ തുണിയാക്കി മാറ്റി അവർക്ക് തിരിച്ചുകൊണ്ടുപോകണം. അടുത്ത യാത്രയ്ക്ക് ഒരുങ്ങാൻ. അടുത്ത വാഹനത്തിൽ കയറി ഞങ്ങൾ യാത്ര തുടർന്നു. ലക്ഷ്യം ഷാപെയ്ൻ ബ്രേക്ക്ഫാസ്റ്റ്. ഏകദേശം ഒരു 15 മിനിട്ട് യാത്ര ചെയ്തുകാണും. പ്രഭാതഭക്ഷണസ്ഥലത്ത് ഞങ്ങൾ എത്തി. വെളുത്ത തുണികൊണ്ട് വിരിച്ച നീളത്തിലുള്ള മേശ. ഇരുപുറവും ഇരിക്കാൻ കസേരകൾ, മേശയുടെ ഒരു മൂല ബിവറേജ്  കൊണ്ട് അലങ്കരിച്ചിരുന്നു. സ്പൂണുകളും ഫോർക്കുകളും കൊണ്ട് നിറഞ്ഞ മേശപ്പുറം.



അപ്പുറത്ത് യൂണിഫോമിട്ട കെനിയൻ യുവതികൾ ഭക്ഷണം പാകം ചെയ്യുന്നു. അവരുടെ മധ്യത്തിൽ കുറച്ചു ഉയരം കൂടിയ ഒരു യുവതി. എവിടെയോ കണ്ട നല്ല മുഖപരിചയം. ഓർത്തെടുക്കാൻ അധികം സമയം

വേണ്ടി വന്നില്ല. അതെ അവൾ തന്നെ..... (പേര് ഓർമ്മയില്ല) പശുവിന്റെ മാംസവും, പാലും, രക്തവും മാത്രം ഭക്ഷിച്ച്, പുറംലോകം കാണാത്ത മാരാഗ്രാമീണരുടെ ഒരു നേർപതിപ്പ്. അന്ന് അവൾ ഞങ്ങൾക്ക് സ്വയം പരിചയപ്പെടുത്തിയത് അങ്ങിനെയാണ്. ദാരിദ്ര്യത്തിന്റെ മേലങ്കി അണിഞ്ഞ് വിദേശ സന്ദർശകരെ ചൂഷണം ചെയ്യുന്ന മാരാഗ്രാമത്തിന്റെ മറ്റൊരു മുഖം. ITFA യിലെ ''സുനിത വില്യംസുമാരെ'' കണ്ടപ്പോൾ അവളുടെ മുഖം വിവർണ്ണമാകുന്നത് ഞാൻ ശ്രദ്ധിച്ചു. കടമെടുത്ത ചിരിയോടെ അവൾ ഞങ്ങളെ സ്വാഗതം ചെയ്തു. തീൻമേശയിലും അവളായിരുന്നു ഞങ്ങളുടെ സംസാരവിഷയം. അപ്പുറത്തെ മേശയിൽ കനേഡിയൻ പൈലറ്റ് ലാപ്ടോപ്പിൽ എന്തോ എഡിറ്റ് ചെയ്യുന്നു. ക്യാമറ കണ്ണുകൾ ഒപ്പി എടുത്ത യാത്രയിലെ സുന്ദരനിമിഷങ്ങളെ ലാപ്ടോപ്പിൽ അയാൾ കാണിച്ചുതന്നു. ആകാശയാത്രയിൽ പങ്കെടുത്ത എല്ലാവർക്കും അയാളുടെ വകയായി ഒരു സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു. ഫോട്ടോകളുടെ സോഫ്റ്റ് കോപ്പി 40 ഡോളർ കൊടുത്ത് ഞങ്ങൾ വാങ്ങി. വീണ്ടും യാത്ര. തിരിച്ച് ഹോട്ടലിലേക്ക്. വരുമ്പോൾ ഒരു കോമ്പൻസേഷൻ എന്ന പോലെ ആഫ്രിക്കൻ ആനകളുടെ ഒരു വലിയ കൂട്ടം. വാനിൽ യാത്രയെക്കുറിച്ച് എല്ലാവരും വിശകലനം ചെയ്യുന്നു. – എല്ലാം ഒരു എക്സ്പീരിയൻസ് അങ്ങനെ എടുത്താൽ മതി – എനിക്കും അതു ശരിയാണെന്നു തോന്നി. ഞങ്ങളുടെ വാഹനം ഹോട്ടലിൽ എത്തി. ധൃതി പിടിച്ച് ഞങ്ങൾ ഇറങ്ങി.. ''എങ്ങിനെയുണ്ടായിരുന്നു യാത്ര?'' ചോദ്യം സുഭാഷിന്റെ വക. ഒരു കള്ളചിരി അതിലുണ്ടോ എന്ന് സംശയം. ''എക്സ്ലെന്റ്'' ഞങ്ങളെല്ലാം ഒരേ സ്വരത്തിൽ പറഞ്ഞു. ''എടാ ഞങ്ങൾ സിംഹത്തിനെ കണ്ടു''. സുഭാഷ് നിർത്തുന്നില്ല. ''ഒന്നല്ല ഒരു വലിയ കൂട്ടം എ ബിഗ് പ്രൈഡ്'' പിന്നിൽ നിന്ന് ആരോ തിരുത്തുന്നു. എന്റെ നടത്തത്തിനു വേഗത കൂട്ടി. നേരെ റൂമിലേക്ക്. തിരിച്ച് നൈറോബിയിലേക്കുള്ള നീണ്ട യാത്രയ്ക്കൊരുങ്ങാൻ.

സുരേഷ്ബാബു